Website:www.keralapsc.gov.in Ph:0487-2327505
Email: dotsr.psc@kerala.gov.in

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, തൃശ്ശൂർ**

R III(I) 857586 /2023 തൃശ്ശൂർ,

09/11/2023

**പ്രസിദ്ധീകരണത്തിന്**

എൻഡ്യൂറൻസ് ടെസ്റ്റ്- ഗതാഗത നിയന്ത്രണം

തൃശ്ശൂർ ജില്ലയിൽ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 613/2021) , സിവിൽ എക്സൈസ് ഓഫീസർ (SR for SC/ST) (കാറ്റഗറി നമ്പർ 089/2021), വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (കാറ്റഗറി നമ്പർ 027/2022, 029/2022 & 030/2022) തസ്തികകളുടെ തെരഞ്ഞെടുപ്പിനു വേണ്ടി പ്രസിദ്ധികരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എൻഡ്യൂറൻസ് ടെസ്റ്റ് **2023 നവംബർ 15,16-ാം തീയതികളിൽ രാവിലെ 05.30 മണി മുതൽ നടത്തപ്പെടുന്നതാണ്.** തൃശ്ശൂർ സിറ്റി പോലീസ് DHQ ക്യാമ്പ് പരേഡ് ഗ്രൗണ്ട് (രാമവർമ്മപുരം) ആണ് പരീക്ഷാ കേന്ദ്രം. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റിലെ (www.keralapsc.gov.in) തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം അഡ്മിഷൻ ടിക്കറ്റും അംഗീകൃത തിരിച്ചറിയൽ രേഖയുടെ അസ്സലും ഫിറ്റ്നസ് സർട്ടിഫിക്കറ്റും സഹിതം ടെസ്റ്റിന്റെ ദിവസം രാവിലെ 05.30 മണിക്ക് മുൻപായി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. ഇത് സംബന്ധിച്ച് പ്രൊഫൈൽ / എസ്.എം.എസ് സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് മറ്റൊരവസരം നൽകുന്നതല്ല. **ടി ദിവസങ്ങളിൽ രാവിലെ 6.00 മണി മുതൽ DHQ പരേഡ് ഗ്രൗണ്ട് ഗേറ്റ് മുതൽ താണിക്കുടം റോഡിൽ 2.5 കി മീ ദൂരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകുമെന്നതിനാൽ പൊതുജനങ്ങൾ സഹകരിക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.**

Sd/-
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ.